**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 200** **23-02-2026 - ൽ മറുപടിയ്ക്ക്**

**ഡിഫെൻസ് കോറിഡോർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് രാജ്യസുരക്ഷയ്ക്കും പ്രതിരോധമേഖലയ്ക്കും ആവശ്യമായ ഉപകരണങ്ങൾ വികസിപ്പിക്കുകയും നിർമ്മിക്കുകയും ചെയ്യുന്ന ഏതൊക്കെ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുവെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് രാജ്യസുരക്ഷയ്ക്കും പ്രതിരോധമേഖലയ്ക്കും ആവശ്യമായ ഉപകരണങ്ങൾ വികസിപ്പിക്കുകയും നിർമ്മിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളുടെ പേരു വിവരം ചുവടെ ചേർക്കുന്നു<br><br>**<u>തിരുവനന്തപുരം</u>**<br><br>വിക്രം സാരാഭായ് സ്പെയ്സ് സെന്റർ<br><br>ബ്രഹ്മോസ് എയ്റോസ്പെയ്സ്<br><br>കെൽട്രോൺ<br><br>ഗവ. ഇൻസ്ട്രുമെന്റ് വർക്ക്ഷോപ്പ്<br><br>പീപ്പീൾ സ്റ്റീൽ ഫാബ്രിക്സ്<br><br>ട്രാവൻകൂർ എയ്റോസ്പെയ്സ്<br><br>ഒക്കാ ബാസസ് മെറ്റൽ ടെക്നോളജി<br><br>(പ്രൈ) ലിമിറ്റഡ്<br><br>അദാസ് ഹൈ പ്രിസിഷൻ എൽ.എൽ.പി.<br><br>എയ്റോടെക്<br><br>എയ്റോഫാബ്<br><br>ജി.എസ്.ആർ. ഇൻഡസ്ട്രീസ്.<br><br>റാപ്പിഡ് കൺസെപ്റ്റ് എഞ്ചിനിയറിങ്<br><br>വിക്രാന്ത് എയ്റോസ്പെയ്സ് (പ്രൈ) ലിമിറ്റഡ്<br><br>ടൂൾ റൂംസ് & കംപോണൻസ് |

**കൊല്ലം**

കേരള മിനിറൽസ് & മെറ്റൽസ് ലിമിറ്റഡ്

മൈക്രോമെക് മെഷീൻ ടൂളിങ്സ്

മഹാദേവ എയ്റോസ്പെയ്സ് ടെക്നോളജീസ്

എയ്റോ ഇൻറ്റെക്ക്

കണ്ണൻ ഇൻഡസ്ട്രീസ്

**പത്തനംതിട്ട**

റോയൽ സീൽസ് (പ്രൈ) ലിമിറ്റഡ്

**ആലപ്പുഴ**

കെൽട്രോൺ കൺട്രോൾസ്, അരൂർ.

**എറണാകുളം**

കൊച്ചിൻ ഷിപ്പ്യാർഡ്

വേവ്സ് ഇലക്ട്രോണിക്സ്

വാലേത്ത് ഹൈടെക് കംപോസൈറ്റ്സ്

**തൃശ്ശൂർ**

സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംങ്സ് ലിമിറ്റഡ്

പെർഫെക്ട് ആർമറിങ് & സെക്യൂരിറ്റി സൊല്യൂഷൻസ് (പ്രൈ) ലിമിറ്റഡ്.

സച്ചിന്ദ്ര റബ്ബർ പ്ലസ്സ് എൽ.എൽ.പി.

വഞ്ചു റബ്ബർ പ്രൊഡക്ട്സ്

**പാലക്കാട്**

ഒസാക്ക് ടെക്നോളജീസ് പ്രൈ ലിമിറ്റഡ്

ഫെറോമാക് ടെക്നോളജീസ് (പ്രൈ) ലിമിറ്റഡ്

നാനോടെക് ഡൈനാമിക്സ്

ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്

ഗ്രീൻവെയിൻ ഹെൽത്ത് കെയർ (പ്രൈ) ലിമിറ്റഡ്

സാരോൺ ഇന്നവേച്ചർ ലാബ്സ് എൽ.എൽ.പി.

AKTZIN അസോസിയേറ്റ്സ് എൽ.എൽ.പി.

| | | | |
|---|---|---|---|
| | | | ജോയ്ഫിൻ സസ്റ്റെയിനബിൾസ് ഇന്നവേഷൻസ് (പ്രൈ) ലിമിറ്റഡ്<br><br>കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ്<br><br>ജി-വെയിൻ മെഡിടെക് ഇന്ത്യ (പ്രൈ) ലിമിറ്റഡ്<br><br>എം.എസ്. സ്റ്റീൽ ഇൻഡസ്ട്രീസ്<br><br>**<u>കോഴിക്കോട്</u>**<br><br>സിഡ്കോ ടൂൾ റൂം, ഒളവണ്ണ.<br><br>**<u>കാസറഗോഡ്</u>**<br><br>ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ്. |
| (ബി) | പൊതുമേഖലാ സ്ഥാപനങ്ങളെ കണക്കിലെടുക്കുമ്പോൾ ഈ രംഗത്ത് കെൽട്രോൺ നേടിയിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഉണ്ട്.<br><br>പ്രതിരോധ മേഖലയിൽ 2020-21-ൽ 46.18 കോടിയുടെ വിറ്റുവരവ് നേടിയ കെൽട്രോണിന് 2024-25-ൽ 111.28 കോടിയായി വിറ്റുവരവ് ഉയർത്താൻ കഴിഞ്ഞു. 2025-26-ൽ ഏകദേശം 152 കോടിയുടെ വിറ്റുവരവ് പ്രതീക്ഷിക്കുന്നു. ഈ രംഗത്ത് ഏകദേശം 312.40 കോടിയുടെ പെൻഡിങ് ഓർഡറുകളും കെൽട്രോണിന്റെ കൈവശമുണ്ട്. ഇന്ത്യൻ നാവികസേനയുടെ കപ്പലുകളിലെ മൂന്ന് പ്രധാന ഉപകരണങ്ങൾ കെൽട്രോൺ തദ്ദേശിയമായി നിർമ്മിക്കുന്നുണ്ട്. ആത്മനിർഭർ ഭാരത് പദ്ധതിയുടെ ഭാഗമായി അണ്ടർ വാട്ടർ ഇലക്ട്രോണിക്സ് സംവിധാനങ്ങളെല്ലാം തദ്ദേശീയമായി കെൽട്രോൺ വികസിപ്പിക്കുന്നുണ്ട്. റഷ്യൻ നിർമ്മിത പ്രതിരോധ ഉപകരണങ്ങളുടെ പ്രത്യേകിച്ച് റഡാറുകളുടെയും സോണറുകളുടെയും സംയുക്ത നിർമ്മാണവും സിസ്റ്റം സംയോജനവും മുന്നോട്ട് കൊണ്ടുപോകുന്നതിനായി ക്രാസ്നി ഡിഫൻസ് ടെക്നോളജീസ് ലിമിറ്റഡുമായി ചേർന്ന് കെൽട്രോൺ ക്രാസ്നി ഡിഫൻസ് സിസ്റ്റംസ് ലിമിറ്റഡ് എന്ന പേരിൽ ഒരു സയുക്ത സംരംഭം രൂപീകരിക്കുകയുണ്ടായി. |
| (സി) | സംസ്ഥാനത്ത് ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കോർത്തിണക്കുന്നതിനും ഇവ തമ്മിലുള്ള സഹകരണം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ട് ഡിഫെൻസ് ടെക്നോളജി ഇന്നൊവേഷൻ ഹബ്ബ് രൂപീകരണം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഡിഫെൻസ് ടെക്നോളജി ഇന്നൊവേഷൻ ഹബ്ബ് രൂപീകരണം സർക്കാരിന്റെ പരിഗണനയിലുണ്ട്. കേരളത്തിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളുൾപ്പെടെ പ്രതിരോധ മേഖലയിലെ സ്ഥാപനങ്ങളായ നേവൽ കമാൻഡ്, സതേൺ എയർ കമാൻഡ്, നേവൽ അക്കാഡമി, ഡിഫൻസ് റിസർച്ച് ഡെവലപ്പ്മെന്റ് ഓർഗനൈസേഷൻ - നേവൽ ഫിസിക്കൽ ആന്റ് ഓഷ്യാനോഗ്രാഫി ലബോറട്ടറി, ബ്രഹ്മോസ് എയ്റോസ്പേയ്സ്, വിക്രം സാരാഭായ് സ്പേയ്സ് സെന്റർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് |

| | | | |
|---|---|---|---|
| | | | ഓഫ് സ്പേയ്സ് സയൻസ് ആന്റ് ടെക്നോളജി, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച് എന്നിവയുൾപ്പെടെ പ്രതിരോധ രംഗത്തെ വിവിധ സ്ഥാപനങ്ങളെ കൂട്ടിയിണക്കി ഒരു പ്രതിരോധ സാങ്കേതിക ഇന്നവേഷൻ ഹബ്ബ് എന്ന പദ്ധതി ആരംഭിക്കുവാൻ 2026 – 27 വർഷത്തെ ബജറ്റിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഇന്നൊവേഷൻ ഹബ്ബിനെ അടുത്ത ഘട്ടത്തിൽ ഒരു പ്രതിരോധ ഇടനാഴിയായി വികസിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; അറിയിക്കുമോ? | (ഡി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ